പത്താം പദ്ധതി വിഭാവനം ചെയ്യുന്ന ടൂറിസം പദ്ധതികൾ

*8 [445] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. എ. സി. മൊയ്തീൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര മേഖലയിൽ പത്താം പദ്ധതി വിഭാവനം ചെയ്യുന്ന പദ്ധതികളുടെ ഇതേവരെയുള്ള പ്രവർത്തനം തൃപ്തികരമാണോ എന്ന് സർക്കാർ വിലയിരുത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ടൂറിസത്തെ സംസ്ഥാന വികസനത്തിനുള്ള ഉപാധികളിൽ ഒന്നായി മാറ്റുന്നതിനുള്ള എന്ത് ശ്രമമാണുള്ളതെന്ന് വെളിപ്പെടുത്തുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) വിലയിരുത്തുകയുണ്ടായി. പത്താം പദ്ധതി വിഭാവനം ചെയ്യുന്ന പദ്ധതികളുടെ ഇതേവരെയുള്ള പ്രവർത്തനം തൃപ്തികരമാണെന്നാണ് വകുപ്പിന്റെ വിലയിരുത്തൽ. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഒരു ആഗോള വ്യവസായമായി മാറിക്കഴിഞ്ഞ ടൂറിസം മേഖലയെ കേരളത്തിന്റെ സാമ്പത്തിക പുരോഗതിയിൽ ഒരു മുഖ്യ പങ്ക് വഹിക്കുന്ന ഉപാധിയായി മാറ്റുന്നതിനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തിവരുന്നു. ഒരു വ്യവസായമായി പ്രഖ്യാപിച്ചുകഴിഞ്ഞ ടൂറിസം മേഖലയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കായുള്ള നയപ്രഖ്യാപന രേഖയായ ടൂറിസം വിഷൻ 2025-ന്റെ ഒന്നാമത്തെ ഉദ്ദേശലക്ഷ്യംതന്നെ വിനോദ സഞ്ചാരം കേരള വികസനത്തിന്റെ കാതൽ മേഖലയാക്കുക എന്നതാണ്. ടൂറിസം വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും കേരളത്തിന്റെ മുഖ്യസമ്പത്തായ പരിസ്ഥിതിയും സംസ്കാരവും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും കേരളത്തെ ദേശീയ അന്തർദേശിയ ടൂറിസ്റ്റ് മാർക്കറ്റുകളിൽ പ്രചരിപ്പിക്കുന്നതിനും സർക്കാർ സത്വര ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളുടെ സഹായത്തോടെ കേരളത്തിൽ ടൂറിസം വികസിപ്പിക്കുന്നതിന് നേതൃത്വം നൽകുന്നതിന് മുഖ്യമന്ത്രി ചെയർമാനും വകുപ്പുമന്ത്രിമാരും സെക്രട്ടറിമാരും അംഗങ്ങളുമായി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ടൂറിസം സാറ്റലൈറ്റ് അക്കൗണ്ടിംഗ് എന്ന നൂതന മാർഗ്ഗം വഴി വരുമാനം, തൊഴിൽ തുടങ്ങിയ വയിൽ ടൂറിസത്തിനുള്ള സ്വാധീനത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. ടൂറിസം രംഗം ഇന്ന് എട്ട് ലക്ഷത്തോളം പേർക്ക് നേരിട്ടും പരോക്ഷമായും തൊഴിൽ നൽകുകയും ആറായിരം കോടി രൂപയോളം ഒരു വർഷം വരുമാനം നൽകുകയും ചെയ്തുവരുന്നു. ആയിരം കോടി രൂപയോളം നിക്ഷേപവും ഒരു വർഷത്തിൽ ഈ രംഗത്തുണ്ടാകുന്നതായാണ് കണക്കാക്കപ്പെടുന്നത്.

† അനുബന്ധം I
2/676/2012—6.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[15-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ
*8(445)-ന്റെ ഉത്തരം ദയവായി കാണുക]

താഴെപ്പറയുന്ന പദ്ധതികളാണ് 10-ാം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്:

1. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങൾ ശക്തിപ്പെടുത്തലും അടിസ്ഥാന സൗകര്യ മൊരുക്കലും.
2. കേരളത്തിന്റെ പൈതൃകവും പരിസ്ഥിതിയും സംസ്കാരവും സംരക്ഷിച്ച് നിലനിറുത്താനുതകുന്ന വിവിധ പദ്ധതികളുടെ ആവിഷ്കരണം.
3. ഇക്കോ ടൂറിസം ഉല്പന്നങ്ങളുടെ വ്യാപനം.
4. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയുള്ള പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സഹായം.
5. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന സ്വകാര്യ നിക്ഷേപകർക്ക് ധനസഹായം.
6. ടൂറിസം വിപണനം
7. ടൂറിസം സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ.
8. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾക്ക് പ്രോത്സാഹനം.
9. മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള വിവിധ പദ്ധതികളുടെ രൂപീകരണവും ആവിഷ്കാരവും.
10. കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ടൂറിസം ട്രാവൽ സ്റ്റഡീസ് ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് എന്നീ ഏജൻസികളുമായി ചേർന്നുള്ള പദ്ധതികൾ.
11. വിവിധ ടൂറിസ്റ്റ് ഡസ്റ്റിനേഷനുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കൽ.
12. കായൽ ടൂറിസത്തെപ്പറ്റിയുള്ള പഠനം എന്നീ പ്രധാന വിഷയങ്ങളാണ് 10-ാം പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്.

2002-03-ൽ 64,30,01,000

2003-04-ൽ 61,35,00,000

2004-05-ൽ 63,91,63,000 രൂപയും വിവിധ പദ്ധതികൾക്ക് ചെലവഴിച്ചിട്ടുണ്ട്. 2002-03, 2003-04 വർഷങ്ങളിൽ 100% പദ്ധതി വിഹിതവും വകുപ്പ് ചെലവഴിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly